10

# യേശുവിന്റെ സഭ: ആരാധന (2)

കഴിഞ്ഞ പാഠത്തിൽ അധികവും നാം ആരാധനയുടെ നാലു പദ പ്രയോഗങ്ങളെയാണ് ശ്രദ്ധിച്ചത്. കർത്തൃമേശ, ദൈവവചനം പ്രസംഗിക്കയും ഉപദേശിക്കുകയും, പ്രാർത്ഥന, ധർമ്മശേഖരം എന്നിവയാണ് അവ. ഈ പാഠത്തിൽ അഞ്ചാമത്തെ പദപ്രയോഗമായ പാട്ടുപാടൽ എന്നതു കൂടുതൽ വിശദമായി പഠിക്കാം.

ആരാധനയുടെ സ്വാഭാവിക പ്രകടനമായിരുന്നു പാട്ടു പാടലിൽ എല്ലായിപ്പോഴും ഉണ്ടായിരുന്നത്. പഴയ നിയമത്തിൽ, ദാവീദ് പറഞ്ഞു, "ഞാൻ, യഹോവെക്കു പാടി, കീർത്തനം ചെയ്യും" (സങ്കീർത്തനങ്ങൾ 27:6). പുതിയ നിയമത്തിലും, പാട്ടുപാടലിന്നു ആരാധനയിൽ ഒഴിച്ചു കൂടാത്ത സ്ഥാനമാണുള്ളത്.

നമ്മുടെ രഹസ്യധ്യാനത്തിലും പാട്ടുകൾ ഉൾപ്പെടുത്തണം. യാക്കൊബ് എഴുതി, "സുഖം അനുഭവിക്കുന്നവൻ പാട്ടു പാടട്ടെ" (യാക്കൊബ് 5:13). നമ്മുടെ പൂർവ്വ പിതാക്കന്മാർ അവരുടെ ജോലികളിൽ വ്യാപ്തരായിരുന്നപ്പോൾ പാട്ടു പാടിയിരുന്നതു നമ്മിൽ ചിലരെങ്കിലും ഓർമ്മിക്കുന്നുണ്ടാകും.

നമ്മുടെ പരസ്യാരാധനയിൽ പാട്ടും ഒരു ഭാഗമായി തീരേണ്ടതിന്നു ദൈവം കല്പിച്ചിട്ടുണ്ട്. എബ്രായർ 2:12 പറയുന്നതു, "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർത്തിക്കും സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും."[1] പൗലോസ് എഫെസൊസിലെ ക്രിസ്ത്യാനികളോടു കല്പിച്ചിരുന്നതു "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കീർത്തനം ചെയ്തുമിരിപ്പിൻ" (എഫെസ്യർ 5:19). കൊലൊസ്യ സഭയ്ക്കും ഇതേ കല്പന അവൻ കൊടുക്കുന്നുണ്ട്. "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും കൊണ്ടിരിപ്പിൻ" (കൊലൊസ്യർ 3:16). സഭായോഗം കൂടി വന്നു പരസ്യാരാധന നടത്തുന്നതിനെ കുറിച്ചു പൗലൊസ് 1 കൊരിന്ത്യർ 14ൽ, മാർഗ്ഗരേഖ

കൊടുത്തു പറയുന്നു ''ആത്മാവു കൊണ്ടു പാടും ... ബുദ്ധികൊണ്ടും പാടും'' (1 കൊരിന്ത്യർ 14:15).

ഈ പാഠത്തിൽ, പരസ്യാരാധനക്കണ് മുൻതൂക്കം കൊടുത്തിരിക്കുന്നത്. ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്ന തത്വം രഹസ്യാരാധനയിലും പ്രായോഗികമാക്കാം.

## എന്താണ് ദൈവം ആഗ്രഹിക്കുന്നത്

പാട്ടുപാടലിനെക്കുറിച്ചുള്ള പുതിയ നിയമവാക്യങ്ങൾ എടു ക്കുമ്പോൾ മർക്കൊസ് 14:26-ഉം എടുക്കണം, അവിടെ യേശുവും ശിഷ്യന്മാരും ഒലിവുമലയ്ക്കു പുറപ്പെടുന്നതിനു മുൻപ് സ്തോത്രം പാടുന്നുണ്ട്.[2] അതിൽ പ്രവൃത്തി 16:25 കൂടെ ഉൾപ്പെടുന്നു,അവിടെ ''അർദ്ധരാത്രി പൗലൊസും ശീലാസും ... ദൈവത്തെ പാടി സ്തുതിച്ചു'' എനിക്കു ഈ വാക്യങ്ങൾ ഇഷ്ടമാണ്. കാരണം ഞാൻ ചെയ്യുന്ന പോലെ യേശുവും ശിഷ്യന്മാരും ദൈവത്തെ പാടി സ്തുതിച്ചിരുന്നു. ഇതിൽ ഉൾപ്പെടുത്തേണ്ട, വേദഭാഗങ്ങൾ വേറെയുമുണ്ട്.[3]

> "... അതുകൊണ്ടു ഞാൻ ജാതികളുടെ ഇടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിന്നു സ്തുതി പാടും," എന്നെഴുതിയിരിക്കുന്നു (റോമർ 15:9).
>
> ...ആകയാൽ എന്തു ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും ആത്മാവുകൊണ്ടു പാടും ബുദ്ധികൊണ്ടും പാടും (1 കൊരിന്ത്യർ 14:15).
>
> ...."ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു കീർ ത്തിക്കും, സഭാ മദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും" (എബ്രായർ 2:12).
>
> നിങ്ങളിൽ ആരെങ്കിലും കഷ്ടപ്പെടുന്നുണ്ടോ? എങ്കിൽ അയാൾ പ്രാർത്ഥിക്കട്ടെ. ആരെങ്കിലും സന്തോഷിക്കുന്നുണ്ടോ? അയാൾ പാടി സ്തുതിക്കട്ടെ (യാക്കൊബ് 5:13).

മനപ്പാഠം പഠിക്കേണ്ട രണ്ടു വേദഭാഗങ്ങളാണ് എഫെസ്യർ 5:19 ഉം കൊലൊസ്യർ 3:16 ഉം. രണ്ടും ഒരേ പോലെ ഉള്ളതാണ്:

> സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയത്തിൽ കർത്താവിന്നു പാടിയും (എഫെസ്യർ 5:19).
>
> സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടുവിൻ (കൊലൊസ്യർ 3:16).

എല്ലാവരും പാട്ടു പാടണമെന്നു ദൈവം ആഗ്രഹിക്കുന്നതായി ഈ വാക്യങ്ങൾ പഠിപ്പിക്കുന്നു. പാട്ടു പാടുവാനുള്ള കല്പന പ്രത്യേക വസ്ത്രധാരണം ചെയ്ത കുറെ പേർക്കു മാത്രമല്ല. മനോഹര ശബ്ദം ഉള്ളവർക്കു മാത്രമായി ഒതുക്കി നിർത്തിയിട്ടില്ല. നിർദ്ദേശം ഇടവകക്കു മുഴുവനായിട്ടാണ്. ആരും ഇരുന്നു കേൾക്കുക എന്നല്ല ദൈവം ഉദ്ദേശിക്കുന്നത്. എല്ലാവരും പാടുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.[4] ഒരാൾക്കു മാത്രം പാടുവാനുള്ളതല്ല. താലന്ത് ഉണ്ടായിരിക്കാം, ഇല്ലായിരിക്കാം. എന്നിരുന്നാലും (പഴയ നിയമ എഴുത്തുകാരൻ പറഞ്ഞതുപോലെ) അയാൾക്കു "ദൈവത്തെ ഉല്ലസിച്ചു ഘോഷിക്കാൻ പറ്റും" (സങ്കീർത്തനങ്ങൾ 95:1; കെജെവി).[5]

ആരാധനയിൽ ഏതു തരം പാട്ടാണ് തന്റെ ജനം ഉപയോഗിക്കേണ്ടത് എന്നും ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു: "സങ്കീർത്തനങ്ങൾ സ്തുതികൾ ആത്മികഗീതങ്ങൾ'' ഇവ മൂന്നും വേർതിരിച്ചു കാണിക്കുക പ്രയാസമാണ്,[6] എന്നാൽ മുഖ്യമായ വാക്ക് "ആത്മികം": ആണ്. ആരാധനയിൽ ഉപയോഗിക്കുന്ന പാട്ടുകൾ ജഡത്തെ തൃപ്തിപ്പെടുത്തുന്നതിനല്ല ആത്മാവിനെ തൃപ്തിപ്പെടുത്തുന്നവയാവണം.[7]

ഇതിലുപരി, നാം പാടുന്ന പാട്ടുകൾക്കു ദിശയുണ്ടായിരിക്കണമെന്നു ഈ രണ്ടു വാക്യങ്ങളും സൂചിപ്പിക്കുന്നുണ്ട്: ചിലപ്പോൾ, ബാഹ്യമായി അവനിർദ്ദേശിക്കാറുണ്ട്: ''തമ്മിൽ സംസാരിച്ചും''; ''ബുദ്ധിയുപദേശിച്ചും'' മറ്റുസമയത്ത് അവ മുകളിലേക്കു നിർദ്ദേശിക്കുന്നു: ''നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടുവിൻ''; "നന്ദിയോടെ ദൈവത്തിനു ഹൃദയത്തിൽ പാടുവിൻ എന്നാണ് കല്പിച്ചിരിക്കുന്നത്."

അനേക പാട്ടുകൾ പ്രബോധന പാട്ടുകളാണ്, ക്രിസ്ത്യാനികളെ ഉദ്ദേശിച്ചും മറ്റുള്ളവർ ക്രിസ്തുവിനെ സ്വീകരിക്കേണ്ടതുമാണ്:

> എന്നേശുവേ നീയാശ്രയം, എന്നാളും മന്നിലീസാധുവിന്നു
> എല്ലാരും പാരിൽ കൈവിട്ടാലും, എന്നെ കരുതുന്ന കർത്താവു നീ[8]
>
> കർത്തൃവേലക്കായി! വേലക്കായി! നാം ദൈവത്തിൻ
> വേലക്കാരല്ലോ
> കർത്താവിലെന്നും എന്റെ ആശ്രയം!
> കർത്തൃസേവ ഒന്നേ എന്റെ ആഗ്രഹം; ...[9]
>
> കഷ്ടമോ, നഷ്ടമോ എന്തുവന്നാലും
> കർത്താവിൻ പാദം ചേർന്നു പാടും ഞാൻ; ...[10]

വേറേയും പാട്ടുകൾ ദൈവത്തിനു നന്ദി കരേറ്റുവാൻ, നാം പാടാറുണ്ട്:

സ്തോത്രങ്ങൾ പാടി ഞാൻ വാഴ്ത്തീടുമേ
ദേവാധി ദേവനെ രാജാധാരാജാവേ
വാഴ്ത്തതി വണങ്ങീടുന്നേ ...[11]

എന്നുള്ളമേ, സ്തുതിക്ക നീ പരനേതൻ –
നന്മകൾക്കായ് സ്തുതിക്കാം സ്തുതിക്കാം, ...[12]

എന്നന്തരംഗമേ, അനുദിനവും,
നന്ദിയോടെ, പാടി പുകഴ്ത്താം[13]

അവസാനമായി, ക്രിസ്ത്യാനികൾ വെറുതെ ചുണ്ടുകൾകൊണ്ടു മാത്രം പാടിയാൽ പോരാ; ക്രിസ്ത്യാനികൾ തങ്ങളുടെ ഹൃദയത്തിൽ "കർത്താവിന്നു," "പാടുവിൻ" എന്നതിന്നു ഊന്നൽ ഈ വേദഭാഗങ്ങളിലുണ്ട്. "[*അവരുടെ*] ഹൃദയങ്ങളിൽ ദൈവത്തിനു നന്ദിയോടെ പാടുവിൻ" എന്നാണ് പറഞ്ഞിരിക്കുന്നത്. ആരാധകർ പാട്ടു പാടുന്നതിന്നു ഉപയോഗിക്കുന്ന വാക്കുകളെ ചിന്തിക്കണം. "ആത്മാവു കൊണ്ടും ... ബുദ്ധികൊണ്ടും അവർ പാടണം" (1 കൊരിന്ത്യർ 14:15). ഹൃദയത്തിൽ നിന്നും വരാത്ത പാട്ടുകൾ സീലീങ്ങിനപ്പുറം ഉയരുകയില്ല.

### ദൈവം എന്താണ് ആഗ്രഹിക്കാത്തത്


നാം പഠിച്ച വേദഭാഗങ്ങളിൽ നിന്നും, പാട്ടു പാടുമ്പോൾ ഉപയോഗിക്കേണ്ട "ഉപകരണങ്ങൾ" മനുഷ്യ ഹൃദയവും ശബ്ദവുമാണെന്ന കാര്യം ശ്രദ്ധിച്ചിരിക്കുമല്ലോ, ഗീതങ്ങൾ പാടുമ്പോൾ യന്ത്രോ പകരണങ്ങൾ ഉപയോഗിച്ചതായി ആ വാക്യങ്ങളിൽ സൂചനയില്ല.[14] നിങ്ങൾ പുതിയ നിയമം, മുഴുവൻ വായിച്ചു നോക്കുക. കർത്താവിന്റെ സഭ ഒരിടത്തും ആരാധനയിൽ യന്ത്ര ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല എന്നു കാണാം.[15] തപ്പും കിന്നരവുമെല്ലാം പഴയ നിയമാരാധനയുടെ ഭാഗമായിരുന്നു (ഉദാഹരണമായി, സങ്കീർത്തനങ്ങൾ 150), എന്നാൽ പുതിയനിയമ കാലയളവിൽ ക്രിസ്തീയാരാധനയിൽ അവ ഇല്ലായിരുന്നു.[16]

"ആരാധനയിൽ വാദ്യോപകരണങ്ങൾ ഉപയോഗിച്ച് പാട്ടു പാടരുതു" എന്നു ആദ്യ ക്രിസ്ത്യാനികൾ നമ്മോടു പറഞ്ഞിട്ടില്ല, എന്നു നമുക്കറിയാം, എന്നാൽ പിന്നെ എന്തുകൊണ്ട്, ക്രിസ്തീയാരാധനയിൽ വാദ്യോപകരണങ്ങൾ മാറ്റി നിർത്തിയത്? എന്തുകൊണ്ടാണ് കർത്താവിന്റെ മേശയിൽ ബന്നും കൊക്കൊകോളയും® ഉപയോഗിക്കാത്തത്: എന്ന മാനദണ്ഡം എടുക്കാവുന്നതാണ്. ദൈവം എന്താണ് ആഗ്രഹി


ക്കുന്നതു എന്നു കൃത്യമായി പറയുമ്പോൾ മറ്റുകാര്യങ്ങൾ മാറ്റിനിർത്തണമെന്ന തത്വമാണ് നാം സ്വീകരിക്കേണ്ടത്. ഇതു എല്ലാ കാര്യത്തിലും വാസ്തവമാണ്.

ഇതു ചിലപ്പോൾ "ഒഴിവാക്കേണ്ട തത്വങ്ങൾ" എന്ന് അറിയപ്പെടുന്നുണ്ട്. "ഒഴിവാക്കൽ തത്വം"എന്നതു ഒരു പക്ഷേ ഒരിക്കലും കേട്ടിട്ടില്ലായിരിക്കാം. പക്ഷേ നിങ്ങൾ ആ തത്വം ഓരോദിവസവും ഉപയോഗിക്കുന്നുണ്ട്: നിങ്ങൾ ഒരാളെ മതിൽ പെയിന്റ് ചെയ്യുവാൻ ഏർപ്പാടു ചെയ്തപ്പോൾ വെള്ള പെയിന്റ് അടിക്കുവാൻ, പറഞ്ഞു. പിന്നെ നിങ്ങൾ അയാളോടു, "കറുപ്പ് വേണ്ട ... പച്ച വേണ്ട ... നീല വേണ്ട ... ചുമപ്പ് വേണ്ട" എന്നു എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ. നിങ്ങൾ ആഗ്രഹിക്കുന്നതു പ്രത്യേകമായി, "*വെള്ള* പെയിന്റ്," എന്നെടുത്തു പറയുമ്പോൾ മറ്റു നിറങ്ങൾ സ്വാഭാവികമായി ഒഴിവാക്കിയിരിക്കയാണ്.


ബൈബിളിൽ നിറയെ ഇത്തരം ഒഴിവാക്കൽ തത്വം അടങ്ങിയിട്ടുണ്ട് നോഹയോടു ദൈവം ഒരു പെട്ടകം ഉണ്ടാക്കുവാൻ പറഞ്ഞു (ഉല്പത്തി 6:14), "മരം കൊണ്ടു പണിയുക," എന്നാണ് അവനോടു പറഞ്ഞിരുന്നതെങ്കിൽ അവനു ഏതെങ്കിലും തടി ഉപയോഗിക്കാമായിരുന്നു: തേക്കോ, ഈട്ടിയോ, ഗോഫറോ, മഹാഗണിയോ ഏതു വേണമെങ്കിലും അവന്റെ ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാമായിരുന്നു.





പകരം, ദൈവം തന്റെ നിർദ്ദേശങ്ങളിൽ പ്രത്യേകമായി എടുത്തു പറഞ്ഞിരിക്കയാണ്: ദൈവം നോഹയോടു പറഞ്ഞതു ഗോഫർ തടി കൊണ്ടു പെട്ടകം ഉണ്ടാക്കുക എന്നാണ് (ഉല്പത്തി 6:14).[17] ദൈവത്തിനു പിന്നെ "തേക്കും ... ഈട്ടിയും ... മറ്റു മരങ്ങളും ഉപയോഗിക്കരുത് എന്നു പറയേണ്ട ആവശ്യമില്ല." അവൻ പ്രത്യേകമായി ഗോഫർ തടി കൊണ്ടു, എന്നു പറഞ്ഞപ്പോൾ, മറ്റു എല്ലാ തടികളും ഒഴിവാക്കിയിരിക്കുന്നു എന്നർത്ഥം.




ഇസ്രായേൽ മക്കൾ മിസ്രയിം വിടുന്നതിനു തൊട്ടു മുൻപു, അവരുടെ വീടുകളിൽ മരണം കടന്നു വരാതിരിക്കേണ്ടതിനു അവരുടെ വീടുകളിലെ കട്ടളപ്പടിമേലും കുറുമ്പടിമേലും രക്തം പുരട്ടുവാൻ ദൈവം ആവശ്യപ്പെട്ടിരുന്നു (പുറപ്പാട് 12:7, 13). "മൃഗരക്തം ഉപയോഗിക്കാനാണ്" ദൈവം പറഞ്ഞിരുന്നതെങ്കിൽ, അവർക്കു ഏതെങ്കിലും മൃഗമായ: പശുവോ, പോത്തോ, വലിയ ആടോ, എടുത്തു അതിന്റെ രക്തം ഉപയോഗിക്കാമായിരുന്നു. പക്ഷേ ദൈവം പ്രത്യേകമായി അവരോടു ആട്ടിൻ കുട്ടിയുടെ രക്തം എന്നു പറഞ്ഞിരുന്നു (പുറപ്പാട് 12:3, 7). ദൈവം അവരോട്, "പോത്തിന്റെയോ പശുവിന്റെയോ രക്തം ഉപയോഗിക്കരുതെന്നു പറഞ്ഞിരുന്നില്ല." അവൻ "ആട്ടിൻകുട്ടി," എന്നു പറഞ്ഞപ്പോൾ മറ്റെല്ലാ മൃഗങ്ങളെയും ഒഴിവാക്കി എന്നു സ്പഷ്ടം.




ദൈവം നമ്മോടു സ്നാനപ്പെടുവാൻ കല്പിച്ചിട്ടുണ്ട് (പ്രവൃത്തി 2:38). ഈ കല്പനയെകുറിച്ച്, "ഒരാൾ സ്നാനമേല്ക്കുവാൻ വെള്ളം ഉപയോഗിക്കണം എന്നാണ് കർത്താവു കല്പിച്ചിരിക്കുന്നതെങ്കിൽ," നമുക്കു ഊഹിക്കാൻ പറ്റുന്ന ഏതെങ്കിലും രീതിയിൽ വെള്ളം ഉപയോഗിച്ചാൽ മതിയായിരുന്നു. ആളുകളുടെ മേൽ വെള്ളം കോരി ഒഴിക്കുകയോ; തളിക്കുകയോ; വചനത്തിൽ കാണുന്ന രീതിയിലുള്ള വെള്ളത്തിൽ – അടക്കമായിട്ടോ ചെയ്യാമായിരുന്നു. പുതിയ നിയമത്തിൽ സ്നാനം എന്നതു പ്രത്യേകമായി, വെള്ളത്തിൽ അടക്കമാണെന്നു പറഞ്ഞിരിക്കകൊണ്ടു, വെള്ളം കോരി ഒഴിച്ചോ, തളിച്ചോ പാടില്ല "എന്നു പറയേണ്ട ആവശ്യമില്ല."



യേശു, കർത്തൃമേശ സ്ഥാപിച്ചു കൊടുത്തപ്പോൾ, "എന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നതിനു സാധാരണ ഭക്ഷണവും എന്റെ രക്തത്തെ പ്രതിനിധാനം ചെയ്യുന്നതിന്നു സാധാരണ പാനീയവും ഉപയോഗിക്കുക," എന്നു പറഞ്ഞിരുന്നെങ്കിൽ സഭയുടെ സ്വാതന്ത്ര്യമനുസരിച്ച് ആഹാരവും പാനീയവും തീരുമാനിക്കാമായിരുന്നു. ചിലരുടെ ഇഷ്ടപ്രകാരം ബന്നും കൊക്കൊകോളയും® ഉപയോഗിക്കാം. വേറെ ചിലർക്കു വടയും ചായയും ഉപയോഗിക്കാം. എന്നാൽ, യേശുവും ആദ്യ ക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്നതു, പുളിപ്പില്ലാത്ത ഗോതമ്പപ്പവും മുന്തിരിവള്ളിയുടെ അനുഭവവുമായിരുന്നു. കർത്താവിനെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരോടു, "ബന്നും കൊക്കൊകോളയും® ചായയും വടയും അതിനു പകരം ഉപയോഗിക്കരുത്" എന്ന് പറയേണ്ട ആവശ്യമില്ല. അവർ ദൈവം വെളിപ്പെടുത്തിയ സത്യത്തിൽ ഒതുങ്ങി നില്ക്കും.




ഗോതമ്പപ്പത്തിനും മുന്തിരിവള്ളിയുടെ അനുഭവത്തിനും *പകരം* ബന്നും കൊക്കൊകോളയും® ഉപയോഗിക്കുന്നതു തെറ്റാണെന്നു കാണുന്നില്ലേ? കർത്താവിന്റെ മേശയിൽ ബന്നും കൊക്കൊകോളയും® *ഉപയോഗിക്കുന്നതു* തെറ്റാണെന്നു കാണുന്നില്ലേ?[18] എന്റെ അനുഭവത്തിൽ നിന്നും, ഒരു വ്യക്തിക്കു കർത്തൃമേശക്കു ബന്നും കൊക്കൊകോളയും® ഉപയോഗിക്കുന്നതു തെറ്റാണെന്നു മനസ്സിലാക്കാൻ, കഴിയാത്ത ഒരാൾക്കു ആരാധനയിൽ ഉപകരണസംഗീതം ഉപയോഗിക്കുന്നതിന്റെ ദൂഷ്യവശം കാണാൻ കഴിയുകയില്ല എന്നതാണ് മനസിലാക്കാൻ കഴിഞ്ഞത്.

നിങ്ങൾ ഒരുപക്ഷേ ആരാധനയിൽ പാട്ടു പാടുമ്പോൾ ഒഴിവാക്കേണ്ട തത്വം എങ്ങനെയാണെന്നറിയുവാൻ നിങ്ങൾ ആകാംഷയോടിരിക്കയാവാം: ദൈവം പറഞ്ഞിരിക്കുന്നത്, "നിങ്ങൾ ആരാധിക്കുമ്പോൾ ഉപയോഗിക്കുക," സഭയ്ക്കു ആരാധനയിൽ വാദ്യോപകരണങ്ങൾ ഉപയോഗിച്ചു, പാട്ടു പാടാമായിരുന്നു, രണ്ടും - ചേർക്കാമായിരുന്നു.

എന്നാൽ ദൈവം തന്റെ ആഗ്രഹം പ്രത്യേകമായി എടുത്തു പറഞ്ഞിട്ടുണ്ട്,

... പാടുക ... (റോമർ 15:9).

... പാടുക ... (1 കൊരിന്ത്യർ 14:15).


... ഹൃദയത്തിൽ കർത്താവിന്നു പാടുവിൻ (എഫെസ്യർ 5:19).

... ഹൃദയത്തിൽ ദൈവത്തിനു നന്ദിയോടെ സ്തോത്രം
ചെയ്യുവിൻ (കൊലൊസ്യർ 3:16).

... പാടുക ... (എബ്രായർ 2:12).

... സന്തോഷിക്കുന്നവൻ ആരെങ്കിലും? പാട്ടു പാടട്ടെ ... (യാക്കൊബ്
5:13).

ഹൃദയത്തിൽ പാട്ടു പാടുവിൻ എന്നു പ്രത്യേകമായി ദൈവം പറഞ്ഞിരിക്കൈകൊണ്ടു, "ക്രിസ്തീയാരാധനയിൽ വാദ്യോപകരണങ്ങൾ ഉപയോഗിച്ചു പാട്ടു പാടരുതു എന്നു പറയേണ്ട ആവശ്യമില്ല." മറ്റെല്ലാ തരത്തിലുമുള്ള സംഗീതം, ഒഴിവാക്കിയിരിക്കുന്നു.




ദ്യ ക്രിസ്ത്യാനികൾ കൃത്യമായും ഒഴിവാക്കേണ്ട തത്വം ഗ്രഹിച്ചിരുന്നു – അതുകൊണ്ടു പഴയ നിയമാരാധനയിൽ ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ അവർ ക്രിസ്തീയാരാധനയിൽ ഉപയോഗിച്ചില്ല. നൂറ്റാണ്ടുകളോളം ക്രിസ്തീയാരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ എതിർക്കുന്നതായി പണ്ഡിതന്മാർ സമ്മതിക്കും.[19] നൂറ്റാണ്ടുകൾ പിന്നിട്ടശേഷം കത്തോലിക്കാ സഭയുണ്ടായപ്പോഴാണ് ആദ്യമായി അവർ ആരാധനയിൽ ഓർഗൺ ഉപയോഗിക്കാൻ തുടങ്ങിയതു.[20]

**ഉപസംഹാരം**

ആരാധനയുടെ എല്ലാ ഭാഗങ്ങളിലുമെന്നപോലെ പാട്ടു പാടുന്നതിലും സഭ ശരിയായ മനോഭാവവും പ്രവൃത്തിയും പുലർത്തണം, ദൈവം കല്പിച്ചിട്ടുള്ളതു അങ്ങനെ തന്നെ ചെയ്യണമെന്ന കരുതലാണ് ആദ്യമായി അംഗങ്ങൾക്കെല്ലാം ഉണ്ടാകേണ്ടതു. ദൈവത്തെ ആരാധിക്കുമ്പോൾ അവരുടെ ഹൃദയങ്ങൾ ദൈവത്തെ പ്രസാദിപ്പിക്കുക എന്ന ലക്ഷ്യമാണുണ്ടാകേണ്ടതു (എഫെസ്യർ 5:10). ഇങ്ങനെ ചെയ്താലും അങ്ങനെ ചെയ്താലും ദൈവം പ്രസാദിക്കുമെന്നു എനിക്കു *തോന്നാം.* എന്നാൽ ദൈവം പ്രസാദിക്കുന്ന, ഏക രീതി എന്തെന്നു അവൻ നമുക്കായി വെളിപ്പെടുത്തിയ വചനം വായിച്ചാൽ മാത്രമേ *കിട്ടു.*

ക്രിസ്ത്യാനികൾ പാട്ടു പാടുമ്പോൾ, അവരുടെ ഹൃദയങ്ങൾ ദൈവത്തെ പുകഴ്ത്തുന്നതിൽ ശ്രദ്ധിക്കണം (പ്രവൃത്തി 2:47; റോമർ 14:11; 15:11; ഫിലിപ്പിയർ 1:11; എബ്രായർ 13:15). "[അവർ] നന്ദിയോടെ ഹൃദയത്തിൽ ദൈവത്തെ പാടി സ്തുതിക്കണം" (കൊലൊസ്യർ 3:16). അവർ ''ആത്മാവു, കൊണ്ടും ... ബുദ്ധി കൊണ്ടും പാടണം'' (1 കൊരിന്ത്യർ 14:15; കെജെവി).

"എന്തു" എന്നും "എങ്ങനെ," എന്നും മനസിലാക്കി സത്യാരാധകർ ദൈവത്തെ "ആത്മാവിലും സത്യത്തിലും" നമസ്ക്കരിക്കണം. (യോഹന്നാൻ 4:24).

---

കുറിപ്പുകൾ

[1]പഴയ നിയമ വേദഭാഗമാണ് എഴുത്തുകാരൻ ഉദ്ധരിച്ചത്, സങ്കീർത്തനങ്ങൾ 22:22. [2]മത്തായി 26:30 കൂടെ നോക്കുക. [3]അധരങ്ങൾ കൊണ്ടു ദൈവത്തെ പുകഴ്ത്തുന്നതും കൊടുത്ത വേദഭാഗപട്ടികയിൽ ഉൾപ്പെടുന്നു, ഉദാഹരണത്തിനു എബ്രായർ 13:15 സന്ദർഭത്തിലുള്ള എല്ലാ വാക്യങ്ങളും വായിക്കാൻ മറക്കരുത്. [4]ഒരാൾക്കു പാട്ടു പാടാൻ കഴിയാത്ത സന്ദർഭം വന്നേക്കാം (അയാൾക്കു ശ്വാസകോശ രോഗം കണ്ടേക്കാം), ചിലപ്പോൾ നിയമത്തേക്കാൾ ഒഴിവുകഴിവു പ്രാധാന്യമേറുന്നു. [5]ഉല്ലാസത്തോടെ ഘോഷിക്കുക എന്നു സങ്കീർത്തനം 95:1 ൽ, പറഞ്ഞിരിക്കുന്നതു വായിക്കാൻ കഴിയും "ആഹ്ലാദത്തോടെ പാടുക" എന്നതാണ് സൂചന. [6]ചിലർ വിചാരിക്കുന്നതു "സങ്കീർത്തനങ്ങൾ" പുകഴ്ത്തുന്നവയും "ഗീതങ്ങൾ" പാട്ടുകളായി, പ്രസ്താവിച്ചിട്ടുള്ളതും "ആത്മീയഗീതങ്ങൾ" താല്പര്യമുണർത്തുന്നവയുമാണെന്നാണ്. ഈ മൂന്നു വാക്കുകളും തമ്മിലുള്ള മുഖ്യ വ്യത്യാസത്തെ എടുത്തു കാണിക്കുവാൻ നാം ഉദ്ദേശിക്കുന്നില്ല. അവ ആരാധനയിൽ പാട്ടു പാടുന്നത് മൂന്നു വിധത്തിൽ കാണുന്നവയാണ്. [7]പാട്ടു ആത്മാവിനു ഇണങ്ങുന്നതോ ആരോ ജഡത്തിനു ഇണങ്ങുന്നതോ എന്നതു അഭിപ്രായമാണ്, പാട്ടിനെ സംബന്ധിച്ച അടിസ്ഥാനതത്വം എന്തെന്നാൽ ദൈവം തന്റെ ജനത്തിൽ നിന്നു *ആത്മീയ ഗീതങ്ങൾ* ആഗ്രഹിക്കുന്നു എന്നതാണ്. [8]ജെ. എച്ച്. സാമ്മിസ്, "ട്രസ്റ്റ് ആന്റ് ഒബെ" *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, എഡ്. ആൾട്ടൻ എച്ച് ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ് കമ്പനി, 1994). [9]ഫാനി ജെ. ക്ലോസ്ബി, "റ്റു ദി വർക്ക്," *സോങ്ങ്സ് ഓഫ് ദി ചർച്ച്*, എഡ് ആൾട്ടൻ. എച്ച് ഫോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി, 1977). [10]ജോർജ്ജ് ഡഫീൽഡ്, "സ്റ്റാന്റ് അപ്പ്,

സ്റ്റാൻഡ് അപ്പ് ഫോർ ജീസസ്," *സോങ്ങ്സ് ഫെയിത്ത് ആന്റ് പ്രയിസ്*, എഡ്. ആൾട്ടൻ എച്ച് ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി, 1994).

[11]റേ പാൽമൽ, "മൈ ഫെയിത്ത് ലുക്ക്സ് അപ്പ് ടു ദി," *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രയിസസ്,* എഡ്. ആൾട്ടൻ. എച്ച് ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി, 1994). [12]*ബീ വിത്ത് മി, ലോർഡ്* കോപ്പി റൈറ്റ് 1963, റിന്യൂവൽ ലെയോൺ ബി സാന്റർ സർവെ, പകർപ്പവകാശം അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു. [13]വില്ല്യം പി. മക്കേ, "വീ പ്രെയിസ് ദി, ഓ ഗോഡ്," *സോങ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസസ്* എഡ് ആൾട്ടൻ എച്ച് ഹോവാൾഡ് (വെസ്റ്റ് മോൺറോ,ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി, 1994). [14]"വാക്യോപകരണ സംഗീതം" എന്നതു സുദീർഘവും, കുഴപ്പം പിടിച്ചതുമാണ് സമയവും സ്ഥലവും ലാഭിക്കുന്നതിനു ഇപ്പോൾ, മുതൽ ഈ പാഠത്തിൽ "വാദ്യോപകണസംഗീതം," എന്നതിനു ഞാൻ "ഉപകരണങ്ങൾ" ഉപയോഗിക്കുന്നതിനെ പറ്റി പറയുന്നുണ്ട്. [15]ക്രിസ്തീയാരാധനയിലൊഴിച്ചു പുതിയ നിയമത്തിൽ, ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെ പറ്റി പറയുന്നുണ്ട്. ചിത്രീകരണത്തിൽ ഉപകരണങ്ങൾ ഉപയോഗിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 13:1). ആലങ്കാരികമായി വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട് (ധൂപ വർഗ്ഗം വെളിപ്പാട് 5:8 ലേതു പോലെ ഇടുന്നത്). അത്, എങ്ങനെയായാലും, കർത്താവിന്റെ സഭ ആരാധിക്കുമ്പോൾ ഉപകരണങ്ങൾ ഉപയോഗിച്ചതായി പുതിയനിയമത്തിൽ പറഞ്ഞിട്ടില്ല. [16]പണ്ഡിതന്മാർ പൊതുവിൽ ഇതംഗീകരിക്കുന്നു. ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെതിരായി രണ്ടും മൂന്നും നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ ശക്തമായി എഴുതിയിട്ടുണ്ട്. [17]"ഗോഫർ തടി" എന്തായിരുന്നു, നമുക്ക് ഇന്നറിഞ്ഞുകൂടാ. അതു അപ്രധാനമാണ്. പ്രാധാന്യമുള്ളതു എന്തെന്നാൽ ഏതു തരം തടി ഉപയോഗിക്കണം എന്നു *നോഹ* അറിഞ്ഞിരുന്നു എന്നതാണ്. [18]ദൈവത്തിന്റെ വെളിപ്പാടിനോടു കൂട്ടു ചേർക്കുന്നതു കളയുന്നതിനോടു തുല്യമാണ് (വെളിപ്പാട് 22:18, 19 നോക്കുക). [19]"എ കാപ്പെല്ലാ" എന്നതിന്റെ അക്ഷരിക അർത്ഥം "ചാപ്പൽ സ്റ്റൈൽ" എന്നാണ് ഇന്നു സംഗീതം അഥവാ എന്നതു ഉപയോഗിച്ചിരിക്കുന്നതു വാങ്ങ്മയമായ പാട്ടായിട്ടാണ് സുചിപ്പിച്ചിരിക്കുന്നത്. [20]600 ലും 700 ലും ഉപകരണങ്ങൾ, ആരാധനയിൽ പരിചയപ്പെടുത്താൻ വിഫല ശ്രമം നടത്തിയിരുന്നെങ്കിലും എ.ഡി. 1250 വരെ ഉപകരണങ്ങൾ ആരാധനക്കിടയിൽ ഉപയോഗിച്ചിരുന്നില്ല.